**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 53 29.06.16 ലെ മറുപടിക്ക്**

## "വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലെ പരിഷ്കാരങ്ങൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യനികുതി വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിനും അവ പരിഷ്കരിക്കുന്നതിനും മുൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കുന്ന തിന്റെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകളിൽ ടേക്കോവർ ചെയ്യുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കഴിഞ്ഞു വരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യാനുള്ള സംവിധാനവും ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ഇടയ്ക്കിടെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.<br>ചെക്ക്പോസ്റ്റുകൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മുൻ ഗവൺമെന്റ് വയനാട്ടിലെ മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനായി 7.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ വയനാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനായി നിലവിൽ ലഭ്യമായിട്ടുള്ള 1.37 ഏക്കർ ഭൂമിയിൽ ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ PWD എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് മഞ്ചേശ്വരത്ത് സംയോജിത ചെക്ക്പോസ്റ്റിനായി 9.33 ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വാളയാറിൽ (IN) എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സംയോജിത |

<table>
<tr><td></td><td></td><td></td><td>ചെക്ക്പോസ്റ്റ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.<br><br>സംസ്ഥാനത്തെ സുപ്രധാന ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റായി ഉയർത്തുന്നതിലേയ്ക്കായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റുകളിലെ ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചുകൊണ്ടും, ഓരോ വകുപ്പുകളുടേയും ആവശ്യങ്ങൾ ശേഖരിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇതുമൂലം നികുതി വർദ്ധനവിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>ഈ നടപടികൾ മൂലം എത്ര വരുമാന വർദ്ധന ഉണ്ടായി എന്നു കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ചെക്ക്പോസ്റ്റ് വരുമാന വർദ്ധനവ് സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു. അതിൽ കാണാവുന്നതുപോലെ വരുമാന വർദ്ധന നിരക്ക് തുടർച്ചയായി കുറഞ്ഞുവരികയാണ്.
<table>
<tr><th>വർഷം</th><th>ചെക്ക്പോസ്റ്റുകളിൽ നിന്നും ലഭിച്ച വരുമാനം (കോടിയിൽ)</th><th>വർദ്ധനവ് (കോടിയിൽ)</th></tr>
<tr><td>2011-12</td><td>659.72</td><td>391.45</td></tr>
<tr><td>2012-13</td><td>925.01</td><td>265.29</td></tr>
<tr><td>2013-14</td><td>1021.76</td><td>96.75</td></tr>
<tr><td>2014-15</td><td>1093.56</td><td>71.8</td></tr>
<tr><td>2015-16</td><td>1094.18</td><td>0.62</td></tr>
</table></td></tr>
<tr><td>(സി)</td><td>നികുതി വർദ്ധനവിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?</td><td>(സി)</td><td>വാണിജ്യ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.<br>1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.<br>2) കാര്യക്ഷമത ഉയർത്തുന്നതിനായി</td></tr>
</table>

| | | | |
|---|---|---|---|
| | | | കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>3) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>5) ആധുനിക സംയോജിത ചെക്ക് പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.<br>6) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>7) റിട്ടേൺ സ്കൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.<br>10) അനധികൃത മദ്യ വില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.<br>11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചുകാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും. |

(signature)

**സെക്ഷൻ ആഫീസർ.**